# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3187 11.12.2014-ൽ മറുപടിക്ക്**

## കൊല്ലം ജില്ലയിലെ റോഡുകളുടെ നവീകരണം

**ചോദ്യം**

**ശ്രീ.ജി.എസ്.ജയലാൽ**

(എ) സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ ഏതൊക്കെ റോഡുകളുടെ നവീകരണമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത്; വിശദാംശം & അറിയിക്കുമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട റോഡുകൾ പ്രസ്തുത പദ്ധതിപ്രകാരം ഏറ്റെടുക്കുന്നതിലേക്ക് അപേക്ഷ ലഭിച്ചിരുന്നുവോ; അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

**ഉത്തരം**

**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) (ബി) സെൻട്രൽ റോഡ് ഫണ്ടിൽ (CRF)ൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ ചാത്തന്നൂർ നിയോജക മണ്ഡലം ഉൾപ്പെടെ നവീകരണം നടത്തുന്ന റോഡുകൾ താഴെപ്പറയുന്നവയാണ്.

1. പാങ്ങോട് - പുത്തൂർ - ചീരൻ കാവ് - എഴുകോൺ - നെടുമൺ കാവ് - മീയ്യന്നൂർ - ചാത്തന്നൂർ റോഡിന്റെ നവീകരണം - എസ്റ്റിമേറ്റ് തുക 24 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.
2. കരുനാഗപ്പള്ളി - അമൃതപുരി - അഴീക്കൽ (കായംകുളം ഹാർബർ) റോഡിന്റെ നവീകരണം - എസ്റ്റിമേറ്റ് തുക 13 കോടി രൂപ. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

| | | |
|---|---|---|
| (സി) | സെൻട്രൽ റോഡ് ഫണ്ട് പദ്ധതി പ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന് പ്രത്യേക മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ആയത് അറിയിക്കുമോ? | (സി) ഉണ്ട്. സി.ആർ.എഫ് പ്രകാരം തെരഞ്ഞെടുക്കുന്ന റോഡുകൾ മേജർ ഡിസ്ട്രിക്റ്റ് റോഡോ, സ്റ്റേറ്റ് റോഡോ, റൂറൽ റോഡ് അല്ലാത്ത മറ്റു പ്രധാനപ്പെട്ട റോഡുകളോ റൂറൽ റോഡുമായോ വിനോദ സഞ്ചാര പ്രാധാന്യമുള്ള സ്ഥലവുമായോ ദേശീയപാതയുമായോ ബന്ധിപ്പിക്കുന്ന റോഡോ ആയിരിക്കണം. 10.കി. മീറ്ററിൽ കുറയാത്ത നീളം ഉണ്ടായിരിക്കണം. ബാധ്യതയില്ലാത്ത സ്ഥലം ലഭ്യമായിരിക്കണം. |

സെക്ഷൻ ഓഫീസർ